പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 919 — 29/09/2016 ൽ മറുപടിക്ക്

## ഉടുമ്പൻചോല താലൂക്കിലെ റീസർവ്വേ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എം.മണി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഉടുമ്പൻചോല താലൂക്കിലെ റീ-സർവ്വേ നടപടികളുമായി ബന്ധപ്പെട്ട് എത്രപരാതികൾ ലഭിച്ചിട്ടുണ്ട്; ഇവയിൽ എത്ര പരാതികൾ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഇതു സംബന്ധിച്ച വിവരങ്ങൾ വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ; | (എ) ഉടുമ്പൻചോല താലൂക്കിലെ റീ-സർവ്വേ നടപടികളുമായി ബന്ധപ്പെട്ട് 18859 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 17512 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. 1347 പരാതികൾ ശേഷിക്കുന്നു. വില്ലേജു തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ബി) റീ-സർവ്വേ നടപടികൾ സംബന്ധിച്ച പരാതികൾ യഥാസമയം പരിഹരിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) ഉണ്ട്. |
| (സി) പരാതികൾ പരിഹരിക്കുന്നതിന് വില്ലേജ് അടിസ്ഥാനത്തിൽ അദാലത്ത് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ഇപ്പോൾ പരിഗണനയിലില്ല. ജി.ഒ. (എം.എസ്സ്) 200/2010/റവന്യൂ തീയതി 31/05/2010 പ്രകാരം, റീസർവ്വേ പൂർത്തിയാക്കിയ വില്ലേജുകളിലെ ഭൂപരാതികളിന്മേൽ അതാത് താലൂക്ക് ഓഫീസുകൾ മുഖാന്തിരം നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## തീർപ്പാക്കാനുള്ള പരാതികളുടെ വില്ലേജ് തിരിച്ചുള്ള കണക്ക്

*റീസർവ്വെ പൂർത്തീകരിച്ച വില്ലേജുകളിലെ റീസർവ്വെ പരാതികൾ*

1. അണക്കര - 350
2. ആനവിലാസം - 110
3. പാറത്തോട് - 155
4. ഉടുമ്പൻചോല - 68
5. രാജകുമാരി - 254
6. പാമ്പാടുംപാറ - 193

-----

ആകെ 1130

*റീസർവ്വെ പൂർത്തീകരിച്ച് റവന്യൂ ഭരണത്തിന് കൈമാറാത്ത വില്ലേജുകളിലെ പരാതികൾ*

1. ഇരട്ടയാർ - 12
2. ചിന്നക്കനാൽ - 17
3. കരുണാപുരം - 23
4. ബൈസൺവാലി - 13
5. കാന്തിപ്പാറ - 16
6. കൽകൂന്തൽ - 27
7. ചതുരംഗപ്പാറ - 13
8. ചക്കുപള്ളം - 14
9. ശാന്തൻപാറ - 21
10. രാജാക്കാട് - 38
11. വണ്ടൻമേട് - 10
12. പൂപ്പാറ - 13

----

ആകെ 217